**പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) ആന്റ് ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ, തിരുവനന്തപുരം - ന്റെ നടപടി ഉത്തരവ്**

**പുറപ്പെടുവിക്കുന്നത്: സുരേന്ദ്ര കുമാർ ഐ.എഫ്.എസ്**

**വിഷയം:** കാട്ടുതീ പ്രതിരോധം - വയനാട് വന്യജീവി സങ്കേതത്തിൽ സന്ദർശകരെ നിരോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്

**സൂചന:** വയനാട് വൈൽഡ്‌ലൈഫ് വാർഡന്റെ 22.02.2020 ലെ ഡബ്ളിയു.(8)-1890/16 നം കത്ത്.

**ഉത്തരവ് നം.ഡബ്ളിയു.എൽ4-11201/16 തീയതി: 26.02.2020**

കടുത്ത വരൾച്ചമൂലം വയനാട് വന്യജീവി സങ്കേതത്തിൽ പല ഭാഗങ്ങളിലും കാട്ടുതീ ഉണ്ടാകുവാൻ സാധ്യതയുള്ളതായി വയനാട് വൈൽഡ്‌ലൈഫ് വാർഡൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ വന്യജീവി സങ്കേതത്തിന്റെ സംരക്ഷണത്തിനായും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായും വയനാട് വന്യജീവി സങ്കേതത്തിന്റെ അംഗീകരിച്ച മാനേജ്മെന്റ് പ്ലാനിന്റെ (2012-2022), 6.4.2.5 ഖണ്ഡികയിലെ വ്യവസ്ഥ പ്രകാരം, വയനാട് വന്യജീവി സങ്കേതത്തിൽ സന്ദർശകർക്കുള്ള പ്രവേശനം **2020 മാർച്ച് 1-ാം തീയതി മുതൽ ഏപ്രിൽ 15-ാം തീയതി** വരെയുള്ള കാലയളവിൽ നിരോധിക്കണമെന്ന് മേൽ സൂചന പ്രകാരം വൈൽഡ്‌ലൈഫ് വാർഡൻ, വയനാട് വന്യജീവി സങ്കേതം ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, 1972 ലെ വന്യജീവി സംരക്ഷണ നിയമം, 33-ാം വകുപ്പ് പ്രകാരം **വയനാട് വന്യജീവി സങ്കേതത്തിൽ 2020 മാർച്ച് 1-ാം തീയതി മുതൽ ഏപ്രിൽ 15-ാം തീയതി** വരെയുള്ള കാലയളവിൽ സന്ദർശകർക്ക് പ്രവേശനം നിരോധിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു .

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) &
ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ

പകർപ്പ്:
1. ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വന്യജീവി വിഭാഗം), പാലക്കാട്
2. വൈൽഡ്‌ലൈഫ് വാർഡൻ, വയനാട്.
3. ഡയറക്ടർ, ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ
4. അസി. കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (എഫ്.എം.ഐ.എസ്)